ശ്രീ. പി. ടി. ചാക്കോ: അവിടെ വാട്ടർസപ്ലൈ പൂർത്തിയാകാത്തതുകൊണ്ട് അവിടത്തെ എം. എൽ. എ.-യുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്നതിന് ഒപ്പുശേഖരണം നടത്തുന്നതായി അറിയാമോ?

ഡാ: ഏ ആർ. മേനോൻ: എന്തെല്ലാം കാരുങ്ങൾക്ക് എവിടെയെല്ലാം ഒപ്പുശേഖരണം നടത്തുന്നു; അതുകൊണ്ടെന്താണ്. വിശേഷമില്ല.

കുഷ്ഠരോഗികൾ.

* 1496. [7] ശ്രീ. ആർ. ദാമോദരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റിൽ കുഷ്ഠരോഗികൾ എത്രയുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര;

(ബി) അവരെ ചികിൽസിപ്പിക്കുന്നതിനു് എന്തെല്ലാം ഏർപ്പാടുകൾ ഉണ്ടു്; എവിടെയെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ഡാ: ഏ. ആർ. മേനോൻ):

(എ) കുഷ്ഠരോഗികളുടെ ശരിയായ എണ്ണം എടുത്തിട്ടില്ല. അവിടവിടെയായി സർവ്വെ നടത്തിയതിൽ സ്റ്റേറ്റിൽ ഏകദേശം ഒന്നരലക്ഷം കുഷ്ഠരോഗികൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) നൂറനാടും കൊരട്ടിയിലും ഓരോ കുഷ്ഠരോഗാശുപത്രി ഉണ്ടു്. അവിടെ മൊത്തം 1,180 കിടക്കകൾ ഉണ്ടു്. കൂടാതെ കായംകുളം, പാറപ്പള്ളി, പൊന്നാനി എന്നീ സ്ഥലങ്ങളിൽ ഗവണ്മെൻറ് ക്ലിനിക്കുകൾ ഉണ്ടു്. മാരാരിക്കുളം, ചേർത്തല, പുത്തൻകുരിശു്, വളപട്ടണം എന്നീ സ്ഥലങ്ങളിൽ ഗവണ്മെൻറിന്റെ സഹായത്തോടുകൂടി നടത്തുന്ന ശുശ്രൂഷാകേന്ദ്രങ്ങൾ ഉണ്ടു്.

ശ്രീ. ആർ. ദാമോദരൻ നായർ: ഇത്രയും കുഷ്ഠരോഗികൾ നാട്ടിന്റെ നാനാഭാഗങ്ങളിലും അലഞ്ഞുതിരിഞ്ഞു രോഗം പകർത്താനിടയാക്കാതെ ഏതെങ്കിലും പ്രത്യേക സ്ഥലത്തു് പാർപ്പിക്കാൻ ഏർപ്പാടുചെയ്യുമോ?

ഡാ: ഏ. ആർ. മേനോൻ: അതിനു് ഏകദേശം ഒരുകോടി രൂ. വേണ്ടിവരും. ഏതെങ്കിലും ഫണ്ടു കിട്ടുകയാണെങ്കിൽ നോക്കാം.

ശ്രീ. കെ. സി. ഏബ്രഹാം: ബസ്സ് സ്റ്റാൻഡിലും ബോട്ടുജെട്ടിയിലും അലഞ്ഞുനടക്കുന്ന കുഷ്ഠരോഗികളെ പിടിച്ചുകൊണ്ടുപോകാൻ ഏർപ്പാടുചെയ്യുമോ?

ഡാ: ഏ. ആർ. മേനോൻ: അതു് എന്റെ ഡിപ്പാർട്ടുമെൻറിന്റെ ജോലിയല്ല.

ശ്രീ പി. ടി. ചാക്കോ: ഗവണ്മെൻറിനോടു് ചോദിക്കുകയാണു്. അതു് ഏതു ഡിപ്പാർട്ടുമെൻറിന്റെ കീഴിലാണെന്ന കാര്യം ഞങ്ങൾക്കറിയേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ഡാ: ഏ. ആർ. മേനോൻ: ഗവണ്മെൻറിനോടാലോചിക്കാതെ എനിക്ക പറയാൻ നിവൃത്തിയില്ല. അതിനെപ്പറ്റി നടപടിയെടുക്കേണ്ട ജോലി ഈ ഡിപ്പാർട്ടുമെൻറിനല്ലാത്തതുകൊണ്ട് ഞാൻ പറയേണ്ട ആവശ്യമില്ല.

ശ്രീ: പി. ടി. ചാക്കോ: ഈ ഡിപ്പാർട്ടുമെൻറ് ഗവണ്മെൻറിൽനിന്നും സ്വതന്ത്രമായി പ്രവർത്തിക്കുകയാണോ?

ഡാ: ഏ. ആർ. മേനോൻ: സ്വതന്ത്രമായി പ്രവർത്തിക്കുകയല്ല; ചേർന്നു പ്രവർത്തിക്കുകയാണ്. ഓരോ ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തെപ്പറ്റി ആലോചിക്കാൻ ഓരോ മിനിസ്റ്റർ ഉണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഏതു ഡിപ്പാർട്ടുമെൻറിനാണിതിൻെറ മുമതല യെന്നു മന്ത്രിക്ക് പറഞ്ഞുതരാമോ?

ഡാ: ഏ. ആർ. മേനോൻ: മാറാവുന്ന മുമതല ഏനിക്കല്ല. കുഷ്ഠരോഗി കളെ വഴിയിൽക്കണ്ടാൽ പിടിച്ചുകൊണ്ടുപോകേണ്ട മുമതല എൻേറതല്ല.

ശ്രീ. ടി. ഒ. ബാവ: സഹകാര്യ ഏജൻസികൾ നടത്തുന്ന സ്ഥാപന ങ്ങൾക്ക് ഗവണ്മെൻറിൽനിന്നും വല്ല സഹായവും നൽകുന്നുണ്ടോ?

ഡാ: ഏ. ആർ മേനോൻ: ഓരോ പേക്ഷുൻറിനും 12 കു. വീതം കൊടു ക്കുന്നുണ്ട്;

ശ്രീ. ടി. ഒ. ബാവാ: സഹകാര്യഏജൻസികൾ നടത്തുന്ന പുത്തൻകുരിശ് എന്ന സ്ഥലത്ത് ചികിത്സിച്ച് സുഖപ്പെട്ടുവരുന്ന രോഗികളെ പ്രത്യേകം താമസിപ്പിക്കുന്നതിനും, കടുത്ത രോഗികളെ പ്രത്യേകം താമസിപ്പിക്കുന്നതിനും വാർഡുകൾ കെട്ടുന്നതിനു ഗവണ്മെൻറിനോട് സഹായധനം ആവശ്യപ്പെട്ടി ട്ടുണ്ടോ?

ഡാ: ഏ. ആർ മേനോൻ: അതിപ്പോൾ പറയാൻ സാധ്യമല്ല.

ശ്രീ. കെ. കണ്ണൻ: മലബാർപ്രദേശത്ത് പുതുതായി കുഷ്ഠരോഗാശു പത്രി സ്ഥാപിക്കുന്ന സ്ഥലം വളപട്ടണത്തുനിന്നും മാറണമെന്നു ആവശ്യ പ്പെട്ടിട്ടുണ്ടോ?

ഡാ: ഏ ആർ. മേനോൻ: കണ്ണൂരിൽ വളപട്ടണത്തുനിന്നും അതു മാറ ിയാൽക്കൊള്ളാമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രൊഹിബിഷൻ സർവ്വെ.

* 1497. [8] ശ്രീ. എം. ഗോപാലൻകുട്ടിനായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ;

(എ) ഈ സ്റ്റേറിൽ ഗവണ്മെൻറ് ഒരു പ്രൊഹിബിഷൻ സർവ്വെ നടത്തിയിട്ടുണ്ടായിരുന്നോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഈ സർവ്വേക്ക് വിധേയമാക്കി യിരുന്നത്;

(സി) ഈ സർവ്വെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ;

(ഇ) ഇതിനുവേണ്ടി ഒട്ടാകെ ചെലവായ തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly